## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*158 — 11.06.2018 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, എ. എൻ. ഷംസീർ<br>,, എസ്.രാജേന്ദ്രൻ<br>,, യു. ആർ. പ്രദീപ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖല സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യം വിശദമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുന്നതിന് നിശ്ചയിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | ആരോഗ്യ മേഖല സംബന്ധിച്ച് ഐക്യരാഷ്ട്ര സംഘടന വിവിധ മേഖലകളിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങളിലേയ്ക്ക് ഹ്രസ്വകാലത്തിലും ദീർഘകാലത്തിലും സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങളും അത് നേരിടുന്നതിൽ സംസ്ഥാന ആരോഗ്യരംഗം ഇപ്പോൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ചർച്ചചെയ്യുന്നതിന് ഓരോ ലക്ഷ്യങ്ങൾക്കായി അതാതു രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പാനൽ തയ്യാറാക്കുകയും വിശദമായ ചർച്ചകൾക്കൊടുവിൽ ഓരോ പാനലും സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജീവിത ശൈലീ രോഗ നിയന്ത്രണത്തിനായി രക്താതിസമ്മർദ്ദം, പ്രമേഹം, ഹൃദയാഘാതം, ശ്വാസകോശരോഗങ്ങൾ എന്നിവ കുറയ്ക്കുക എന്നതും ജനങ്ങളുടെ ഭക്ഷണക്രമം, വ്യായാമശീലം, ലഹരിയോടുള്ള ആസക്തി എന്നിവ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കുക എന്നതും ലക്ഷ്യമിടുന്നു. ക്യാൻസർ ചികിത്സാ രംഗത്ത് കൂടുതൽ ക്യാൻസർ ചികിത്സാകേന്ദ്രങ്ങളും ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളും പൊതുജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായ രീതിയിൽ സജ്ജീകരിച്ച് കൂടുതൽ ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഇതു സംബന്ധിച്ച പരിശീലനം നൽകി ജനങ്ങളുടെ അവബോധം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br><br>ദന്തൽ വിഭാഗവുമായി ബന്ധപ്പെട്ട് 2020-മാണ്ടോടെ കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്. |

| | | | |
|---|---|---|---|
| | | | 1. 6 മുതൽ 12 വയസ്സുവരെയുള്ള കുട്ടികളിൽ ദന്തക്ഷയത്തിന്റെ ആധിക്യം 55% ത്തിൽ നിന്നും 45% ആക്കി കുറയ്ക്കുക. ശരാശരി DMFT (D-decayed, M-Missing, F-Filled, T-Teeth) index 3 ലോ അതിൽ താഴെയോ കൊണ്ടുവരുക.<br>2. 35 മുതൽ 44 വയസ്സുവരെയുള്ളവരിൽ കാണുന്ന മോണ രോഗത്തിന്റെ ആധിക്യം 50% ത്തിൽ നിന്ന് 40% ആക്കി കുറയ്ക്കുക.<br>കേരളത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് സംസ്ഥാനം താഴെപ്പറയുന്ന കാര്യങ്ങൾ ലക്ഷ്യമിടുന്നു.<br>1. കുഷ്ഠരോഗത്തിന്റെ പ്രിവലൻസ് നിരക്ക് 0.2/10.000 -ൽ നിന്നും 0.1/10,000 -നും താഴെയായി കുറച്ചു കൊണ്ടുവരുക<br>2. കുട്ടികളിലെ കുഷ്ഠരോഗത്തിന്റെ നിരക്ക് 1.17/10,00,000 ത്തിൽ നിന്ന് 0.6/ 10,00,000 ൽ താഴെയായി കുറച്ചുകൊണ്ടുവരുക.<br>3. കുട്ടികളിൽ കുഷ്ഠരോഗം മൂലമുള്ള അംഗവൈകല്യം 1.2/ 10,00,000 ത്തിൽ നിന്ന് 1/ 10,00,000 ൽ താഴെയായി കുറച്ചുകൊണ്ടുവരുക.<br>ഐക്യരാഷ്ട്ര സംഘടന 2030 ഓടുകൂടി കൈവരിക്കുന്നതിന് ലക്ഷ്യമിട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംസ്ഥാനം കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്ത് 2020 ഓടുകൂടി കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഉയർന്ന തോതിലുള്ള ജീവിതശൈലി അസുഖ സാദ്ധ്യതയും വർദ്ധിച്ച ചികിത്സാ ചെലവുകളും പ്രധാന പ്രശ്നങ്ങളായതിനാൽ ഇത് നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ച വരികയും ഈ രോഗങ്ങളുടെ ചികിത്സാർത്ഥം ജനങ്ങളുടെ സാമ്പത്തികഭാരം ക്രമാതീധമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പ്രധാന കാരണം ചിലവേറിയ ചികിത്സാ രീതികളും ദൈർഘ്യമേറിയ ചികിത്സാ കാലയളവുമാണ്. ഇത് ജനങ്ങളിൽ ഏൽപ്പിച്ച സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനും രോഗം നിയന്ത്രണവിധേയമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന ജീവിത ശൈലീരോഗനിയന്ത്രണ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തി രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകി വരുന്നു. അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകയില, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണം എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനു പുറമേ ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് ക്ലിനിക്കുകൾ, മാനസിക രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ആശ്വാസ് ക്ലിനിക്കുകൾ, നേത്രപടലാന്ധത കണ്ടെത്തുന്നതിനുള്ള ഡയബറ്റിക് റെറ്റിനോപതി ക്ലിനിക്കുകൾ, പുകയില നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ച് ഇതിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഫീൽഡ്തല ജീവനക്കാരെയും ആശാവോളന്റിയർമാരെയും പരിശീലിപ്പിച്ചു വരുന്നു. |
| (സി) | വികസിത രാജ്യങ്ങളുടേതിന് സമാനമായ കുറഞ്ഞ മാതൃശിശു മരണ നിരക്ക് എന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമെന്ന നിലയിൽ ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യം നേടാനായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | 2020-ഓടുകൂടി മാതൃമരണ നിരക്ക് 1 ലക്ഷം പ്രസവത്തിന് 30 ആയി കുറയ്ക്കുക 2030-ഓടുകൂടിമാതൃമരണ നിരക്ക് ലക്ഷം പ്രസവത്തിന് 20 ആയി കുറയ്ക്കുക ശിശു മരണ നിരക്ക് ആയിരം ജനനത്തിന് 8 ആയി കുറയ്ക്കുക എന്നിവ സംസ്ഥാനം ലക്ഷ്യമിടുന്നു. സാമ്പിൾ രജിസ്റ്റർ സിസ്റ്റം അനുസരിച്ച് ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ മാതൃ മരണനിരക്ക് 46 ആയി കുറഞ്ഞുവെന്നതാണ്. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കാണ്. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ